(സി) ഇപ്പോൾ ഈ ഐ.ടി.ഐ.-യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, മെക്കാനിക്ക് റേഡിയോ ആന്റ് ടെലിവിഷൻ, ഇലക്ട്രോണിക് മെക്കാനിക്ക്, ഫിറ്റർ, മെക്കാനിക് മോട്ടോർ വെഹിക്കിൾ, വയർമാൻ, സർവ്വേയർ എന്നീ ദിവൽസര കോഴ്സുകളും, വെൽഡർ, സ്റ്റെനോഗ്രാഫി (ഇംഗ്ലീഷ്), കോപ്പ എന്നീ ഏക വർഷ കോഴ്സുകളും ഉൾപ്പെടെ ആകെ 11 ട്രേഡുകൾ നിലവിൽ ഉണ്ട്.

ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച്

22 [506] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ചുള്ള നടപടി ഏതു ഘട്ടംവരെയായി;

(ബി) ഭൂമി ലഭ്യമാക്കിയാലുടൻ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് ഭൂമി കൈമാറുന്നതിനുള്ള നടപടിക്രമങ്ങളെല്ലാം കൊല്ലം ജില്ലാ കളക്ടർ പൂർത്തിയാക്കി ബന്ധപ്പെട്ട റിക്കാർഡുകൾ മേൽനടപടികൾക്കായി ലാന്റ് റവന്യൂ കമ്മീഷണർക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

(ബി) ഭൂമി ലഭ്യമായാലുടൻ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ലോകബാങ്ക് സഹായത്തോടെ സ്കിൽഡ് ഡെവലപ്മെന്റ് പ്രോജക്ടുകൾ

23 [507] ശ്രീ. കളത്തിൽ അബ്ദുള്ള:
„ യു. സി. രാമൻ:
„ ടി. പി. എം. സാഹിർ:
„ സി. മോയിൻകുട്ടി:
„ സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെ സ്കിൽഡ് ഡെവലപ്മെന്റ് പ്രോജക്ടുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതുവരെ എത്ര എണ്ണം സ്ഥാപിച്ചു കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ;

(സി) ഇനിയും എത്ര എണ്ണം കൂടി പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലോകബാങ്ക് സഹായത്തോടെ സ്കിൽഡ് ഡവലപ്മെന്റ് പ്രോജക്ടുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശമൊന്നും നിലവിലില്ല.

(ബി ആന്റ് സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീലങ്കൻ അഭയാർത്ഥികളുടെ തൊഴിൽ ലഭ്യത

24 [508] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീലങ്കയിൽനിന്ന് എത്ര അഭയാർത്ഥി കുടുംബങ്ങളെ ആർ. പി. എൽ.-ൽ പുനരധിവസിപ്പിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര കുടുംബങ്ങൾക്ക് ഫാമിലി കാർഡ് നൽകിയിട്ടുണ്ട്;

(സി) ഫാമിലി കാർഡ് നൽകിയത് ഏത് വകുപ്പാണ്;

(ഡി) പുനരധിവാസത്തിനുശേഷം ജനിച്ച കുട്ടികളുടെ പേര് അവരുടെ ഫാമിലി കാർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കാമോ;

(ഇ) ഫാമിലി കാർഡിൽ പേരില്ലാത്ത കുടുംബാംഗങ്ങൾക്ക് ജോലി നൽകുവാൻ നിലവിൽ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്ത മാക്കുമോ;

(എഫ്) ഫാമിലി കാർഡിൽ പേരില്ലാത്തതുകാരണം പകരം ജോലി ലഭിക്കാത്ത എത്ര കുടുംബങ്ങൾ ആർ.പി.എൽ.-ൽ ഉണ്ട്; എസ്റ്റേറ്റ് തിരിച്ച് വ്യക്തമാക്കാമോ;

(ജി) ഇവരുടെ പേര് ഫാമിലി കാർഡിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ സർക്കാരും മാനേജ്മെന്റും എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(എച്ച്) ഈ വിഷയത്തിൽ നടന്ന മന്ത്രിതല ചർച്ചയിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ഐ) സംസ്ഥാന സർക്കാർ കേന്ദ്ര ആഭ്യന്തര വകുപ്പുമായി ഇതു സംബന്ധിച്ച കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ജെ) ഫാമിലി കാർഡിൽ പേര് ഉൾപ്പെടുത്തുവാൻ തീരുമാനമാകുന്നതുവരെ ഒരാൾക്കുപോലും ജോലിയില്ലാത്ത കുടുംബങ്ങളിൽ നിന്നും ഒരാൾക്ക് വീതം താൽക്കാലികമായി ആർ.പി.എൽ.-ൽ ജോലി നൽകുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly